Santhigiri

ഗുരുവാണി

"നമ്മുടെ സംസ്കാരവും പൈതൃകവും വളർന്ന് ശക്തിപ്പെട്ടില്ലെങ്കിൽ നമുക്ക് നിലനില്പില്ല എന്ന് ദൃഢമായി വിശ്വസിക്കണം"

# ഉമ്മിണിതങ്കം

VOL 03 | ISSUE 20 | 2017 മെയ് 21 | 1192 ഇടവം 07

Newspaper published from Santhigiri Ashram | For Private Circulation Only | www.santhigiriashram.org

തിരുവനന്തപുരം റൂറൽ

## ഹയർ സെക്കന്ററി പരീക്ഷയിൽ ശാന്തിഗിരി വിദ്യാഭവന് മികച്ച വിജയം

**എജ്യൂക്കേഷൻ സോൺ:** ഹയർ സെക്കന്ററി പരീക്ഷയിൽ ശാന്തിഗിരി വിദ്യാഭവൻ ഹയർ സെക്കന്ററി സ്കൂളിലെ വിദ്യാർത്ഥികൾ തിളക്കമാർന്ന വിജയം കരസ്ഥമാക്കി. 96 ശതമാനം മാർക്കോടുകൂടി ബയോളജി സയൻസ് വിദ്യാർത്ഥിനിയായ കുമാരി കരുണ പ്രിയ എം സ്കൂളിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി. ഇതേ ഗ്രൂപ്പിലെ തന്നെ വിദ്യാർത്ഥിനിയായ കുമാരി നിഖില മനോജ് 95 ശതമാനം മാർക്കോടെ രണ്ടാം സ്ഥാനവും കുമാരി അമല എസ്. നായർ 93 ശതമാനം മാർക്കോടെ മൂന്നാം സ്ഥാനവും നേടി. 23 കുട്ടികൾ ഡിസ്റ്റിംഗ്ഷൻ കരസ്ഥമാക്കി. ഇതിൽ 20 പേർ ആയിരത്തിലധികം മാർക്ക് വാങ്ങി ഉന്നതവിജയം കരസ്ഥമാക്കുകയുണ്ടായി. ബയോളജി സയൻസിൽ നിന്ന് അമല എസ് നായർ, അമൃത ജ്യോതി എം, ബീഗം താൻസി, കരുണ എസ്.എസ്., ഗുരുപ്രിയ പി.വി., മെഹർ എസ്. ഖാൻ, എൻ.എസ്. നാസ്മി, നന്ദന ബി., ഋതുല രാജീവ്, ഷംസി ബി.എസ്., ജനസേവകൻ കെ.എസ്., സംഘമിത്രൻ കെ.എസ്.എന്നിവരാണ് 1000 ൽ കൂടുതൽ മാർക്ക് വാങ്ങിയത്. പ്ലസ് ടു ഹ്യുമാനിറ്റീസ് വിദ്യാർത്ഥികളായ അനന്ദു എസ്, അരാഫത്ത് മുഹമ്മദ്, ഗുരുപ്രിയൻ ജി., മാളവിക എസ്, ശ്രീനു എം.എൽ.എന്നിവരും കൊമേഴ്സിൽ നിന്ന് മുഹമ്മദ് ഷിബിലിയും ആയിരത്തിലധികം മാർക്ക് കരസ്ഥമാക്കിയിട്ടുണ്ട്.



കരുണപ്രിയ എം.



നിഖില മനോജ്



അമല എസ്. നായർ

## ജനുവരി 4 ഇനി മുതൽ സിദ്ധ ഡെ

ന്യൂഡെൽഹി: സിദ്ധ വൈദ്യശാസ്ത്രത്തിന്റെ ഉപജ്ഞാതാവ് അഗസ്ത്യമുനിയുടെ ജന്മദിനമായ ജനുവരി നാലിന് സിദ്ധ ഡെ ആയിട്ട് ആഘോഷിക്കുന്നതിന് കേന്ദ്രസർക്കാർ ഉത്തരവായി. ഇത് സംബന്ധിച്ച് സിദ്ധ കൗൺസിൽ സമർപ്പിച്ച നിർദ്ദേശം സർക്കാർ അംഗീകരിക്കുകയായിരുന്നു. ഇതുവരെ ഏപ്രിൽ 14 ആയിരുന്നു സിദ്ധ ഡേ ആയിട്ട് ആഘോഷിച്ചുവന്നത്. ഇന്ത്യയ്ക്ക് പുറമെ സിദ്ധ ചികിത്സാ സമ്പ്രദായം നിലവിലുള്ള ശ്രീലങ്ക, മലേഷ്യ തുടങ്ങിയ സ്ഥലങ്ങളിലും സിദ്ധ ഡേ ആഘോഷിക്കും.

## ആരോഗ്യമേഖലയിൽ സമഗ്രപദ്ധതികളുമായി ശാന്തിഗിരി കട്ടപ്പനയിൽ

**കട്ടപ്പന:** സൗജന്യ മെഡിക്കൽ ക്യാമ്പ്, പകർച്ചപ്പനിക്കെതിരെയുള്ള പ്രതിരോധമരുന്നു വിതരണം, ഹെൽത്ത് കാർഡ് വിതരണം തുടങ്ങി സമഗ്രപദ്ധതികളുമായി ആതുരസേവനമേഖലയിൽ പ്രശസ്തരായ ശാന്തിഗിരി ഹെൽത്ത്കെയർ ആന്റ് റിസർച്ച് ഓർഗനൈസേഷൻ ഇന്ന് കട്ടപ്പനയിൽ പ്രവർത്തനം ആരംഭിക്കും.കിടത്തി ചികിത്സാ ഉൾപ്പെടെയുള്ള സൗകര്യങ്ങളോടെ ആരംഭിക്കുന്ന ആയുർവേദ സിദ്ധ ഹോസ്പിറ്റലിന്റെ ഉദ്ഘാടനം അഡ്വ.ജോയ്സ് ജോർജ്ജ് എം.പി.നിർവ്വഹിക്കും. ശാന്തിഗിരി ആശ്രമം തൂക്കുപാലം ഏരിയ അസിസ്റ്റന്റ് ജനറൽ കൺവീനർ എ.കെ.തങ്കപ്പൻ അദ്ധ്യക്ഷത വഹിക്കുന്നയോഗത്തിൽ ആശ്രമം ജനറൽ സെക്രട്ടറി സ്വാമി ചൈതന്യജ്ഞാന തപസ്വി മഹനീയ സാന്നിധ്യമാകും. ഉദ്ഘാടനത്തോടനുബന്ധിച്ചു നടക്കുന്ന സൗജന്യ മെഡിക്കൽ ക്യാമ്പ് മുൻസിപ്പാലിറ്റി ചെയർമാൻ ജോണി കുളംപള്ളിൽ ഉദ്ഘാടനം ചെയ്യും. സംസ്ഥാന വ്യാപകമായി ശാന്തിഗിരി നടത്തുന്ന പകർച്ചപ്പനി പ്രതിരോധയജ്ഞത്തിന്റെ ഭാഗമായി ഇടുക്കി ജില്ലയിൽ നടത്തുവാൻ ഉദ്ദേശിക്കുന്ന പകർച്ചപ്പനിക്കെതിരെയുള്ള പ്രതിരോധ മരുന്ന് വിതരണ പദ്ധതിയുടെ ജില്ലാതല ഉദ്ഘാടനം മുൻസിപ്പാലിറ്റി ആരോഗ്യകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ എൽസമ്മ നിർവഹിക്കും ആയുർവേദ സിദ്ധ ചികിത്സകൾക്കും ഔഷധങ്ങൾക്കും നിശ്ചിത ഡിസ്കൗണ്ട് ലഭിക്കുന്ന പ്രിവിലേജ് ഹെൽത്ത് കാർഡ് വിതരണോദ്ഘാടനം വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ അഡ്വ: ജോയി വെട്ടിക്കുഴി നിർവ്വഹിക്കും. ചടങ്ങിൽ ശാന്തിഗിരി ഹെൽത്ത് കെയർ ആന്റ് റിസർച്ച് ഓർഗനൈസേഷൻ ഇൻചാർജ്ജ് സ്വാമി വന്ദനരൂപൻ ജ്ഞാന തപസ്വി, ശാന്തിഗിരി ആശ്രമം തൂക്കുപാലം ഏരിയ ഓഫീസ് ഇൻചാർജ്ജ് സ്വാമി ജയപ്രിയൻ ജ്ഞാന തപസ്വി മുനിസിപ്പൽ കൗൺസിലർ സി.കെ. മോഹനൻ, ശ്രീനഗരി രാജൻ, സജി.വി.ആർ, കൗൺസിലർമാരായ ബീന വിനോദ്, ബിന്ദുലത രാജു, തങ്കമണി രവി, ടൗൺ മസ്ജിദ് ഇമാം മൗലവി മുഹമ്മദ് റഫീഖ് അൽ കൗസരി, തുടങ്ങി രാഷ്ട്രീയസാമൂഹിക സാംസ്കാരിക മണ്ഡലങ്ങളിലെ പ്രമുഖർ സംബന്ധിക്കും. കട്ടപ്പന പുതിയ ബസ്സ്സ്റ്റാൻഡിന് സമീപം പുളിയൻമല റോഡിൽ പ്രവർത്തനം ആരംഭിക്കുന്ന ശാന്തിഗിരി ആയുർവേദ സിദ്ധ ഹോസ്പിറ്റലിൽ ജനറൽ കൺസൾട്ടേഷനു പുറമേ സ്ത്രീരോഗങ്ങൾക്കായുള്ള സ്പെഷ്യാലിറ്റി ക്ലിനിക്ക്, വൃദ്ധജനങ്ങൾക്കായുള്ള ജീറിയാട്രിക് കെയർ വിഭാഗം, ഡയബറ്റിക് ക്ലിനിക്ക്, പനിക്ലിനിക്ക്, സ്ട്രോക്ക് റീഹാബിലിറ്റേഷൻ വിഭാഗം തുടങ്ങി വിവിധ ചികിത്സാ വിഭാഗങ്ങളും റെജ്യുവിനേഷനു വേണ്ടി പ്രത്യേകം സൗകര്യങ്ങളും ലഭ്യമാണ്.

## 'അക്ഷരദീപം' പരിപാടി

**ആനന്ദപുരം:** ശാന്തിഗിരി വിദ്യാഭവൻ ഹയർ സെക്കന്ററി സ്കൂളിലെ എൻഎസ്എസ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ മെയ് 17 ന് കൈരളി ആർട്സ് ആന്റ് സ്പോർട്സ് ക്ലബിൽ പുസ്തക വിതരണവും പരിസര ശുചീകരണവും നടത്തി. എൻ.എസ്.എസ്. യൂണിറ്റിന്റെ അക്ഷരദീപം എന്ന പരിപാടിയുടെ ഭാഗമായിട്ടാണ് സേവനപ്രവർത്തനങ്ങൾ നടത്തിയത്. എൻ.എസ്.എസ്. യൂണിറ്റ് അംഗങ്ങളായ വിദ്യാർത്ഥികളും അദ്ധ്യാപകരും പങ്കെടുത്തു.




*ശാന്തിഗിരി വിദ്യാഭവൻ എൻഎസ്എസ് യൂണിറ്റിന്റെ അക്ഷരദീപം പരിപാടിയിൽ നിന്ന്*

ഗുരുചരണം ശരണം

മോഹനം ഒപ്റ്റിക്കൽസ്

കമ്പ്യൂട്ടറൈസ്ഡ് ഐ ടെസ്റ്റിംഗ് & കോൺടാക്ട് ലെൻസ് ക്ലിനിക്ക്

(ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജ് ഗേറ്റിന് എതിർവശം)

ഫോൺ : 8089695320

## ഗുരുവാണി

സൗരയൂഥസമ്പ്രദായത്തിൽ സപ്തർഷികളെക്കൊണ്ട് നേടി വന്നിരിക്കുന്ന കർമഗതി കണ്ടറിഞ്ഞിട്ട്, ഇന്നോളം വന്നിരിക്കുന്ന ഈശ്വരനാമത്തിൽ എന്തെല്ലാം ഉദിച്ചുവന്നിട്ടുണ്ടോ, ആരാധ്യമായി കരുതിപ്പോന്ന ആ മൂർത്തികളും അവ ഒടുങ്ങി നിൽക്കുന്ന കർമകാണ്ഡവും എന്തെന്നറിയാതെ നമുക്കു മുമ്പോട്ടു പോകാൻ കഴിയുകയില്ല. എന്തെന്നാൽ ഒരു യുഗത്തിന് അഞ്ചു ഗുരുക്കന്മാർ എന്ന ക്രമത്തിൽ ചേർന്നുവന്നിരിക്കുന്ന യുഗധർമത്തെ ഇല്ലാതാക്കാൻ കഴിയില്ല.

അഞ്ചു ഗുരുക്കന്മാർ എന്ന ക്രമത്തിൽ ചേർന്നുവന്നിരിക്കുന്ന യുഗത്തിന്റെ നീളത്തിനിടയ്ക്ക് രണ്ടായിരം, മൂവായിരം, നാലായിരം, അയ്യായിരം വർഷത്തെ മാർഗദർശനത്തിനായി വന്ന മഹാന്മാരുടെ നിര തന്നെ എത്രയോ അധികമുണ്ട്. ഇതൊക്കെ ഇല്ലാത്തതാണെന്നു പറഞ്ഞാൽ പോകുന്നതാണോ? ഇങ്ങനെയുള്ള എത്രയോ കാലധർമങ്ങൾ കഴിഞ്ഞിട്ടാണ് ശ്രീകൃഷ്ണൻ ജന്മോദ്ദേശ്യവുമായി വന്നതുതന്നെ. അതിനെ വേണ്ടവിധം മാനിക്കാൻ കഴിഞ്ഞില്ലെന്നതോ പോകട്ടെ, വൻകരയിൽ നിന്ന് കുബേരനാട്ടിലേക്കോടിച്ച്, അവിടെ നിന്ന് ആരും അറിയാത്ത വിധത്തിൽ ജീവിച്ചുകൊണ്ട് ദ്വാരക പണിതൊതുക്കിക്കഴിഞ്ഞപ്പോൾ രണ്ടു കാര്യങ്ങൾ സംഭവിച്ചു. ഒന്ന്, വേടനു പ്രമാദം സംഭവിച്ച് അമ്പെയ്തു. രണ്ട്, അർജുനനോട്, 'നീയീ സ്ത്രീകളെയും കുട്ടികളെയുമെങ്കിലും വൻകരയ്ക്കു കൊണ്ടുപോയി രക്ഷിക്കൂ' എന്നു കൃഷ്ണൻ പറഞ്ഞതനുസരിച്ച് അർജുനൻ അവരെയും കൊണ്ട് ജരാസന്ധൻ ഭരിക്കുന്ന ഗുജറാത്തിൽ വന്നെത്തി. എന്നിട്ടും ഒരു കുഞ്ഞിനെപ്പോലും രക്ഷിക്കാൻ കഴിയാത്ത നിലയിൽ അർജുനൻ വാവിട്ടു കരഞ്ഞു. അപ്പോഴാണ് വ്യാസന്റെ വാക്ക്, 'യോഗയോഗേശ്വരനായ കൃഷ്ണൻ ഇരുന്നപ്പോൾ നിനക്ക് എന്തും ചെയ്യാൻ കഴിയുമായിരുന്നു. ഇനിയിപ്പോൾ കലി ആരംഭിച്ചുപോയി. ഇനി നമുക്കു തപസ്സിനു പോകാം'.

എട്ടാമത്തെ അവസ്ഥയിൽ ജനിച്ചിട്ടും, താൻ ഇന്നതിനാണ് ജനിച്ചിരിക്കുന്നതെന്ന് അറിഞ്ഞിട്ടും, ഈ അവസ്ഥ താണ്ടിവിടാൻ ആ മഹാത്മാവ് പെട്ടിരിക്കുന്ന പാട് ആർക്കു താങ്ങാൻ കഴിയും? ഇത്രയും ദീർഘദർശിത്വമുള്ള ജന്മം കിട്ടിയ ആ മഹാശക്തി ഇതൊന്നുമറിയാതെയല്ല, അറിഞ്ഞുകൊണ്ടു തന്നെയാണ് എല്ലാം വഹിച്ചിരിക്കുന്നത്. ജന്മം കൊണ്ട് ഇത്രയും അവസ്ഥ നേടിയവർ ഭൂലോകത്തിലില്ല. ജന്മനാ ഇത്രയും അറിവോടുകൂടി വന്നവരും കുറവാണ്.

ഇതു രണ്ടുമുണ്ടായിരുന്ന മഹത്വമാണ് ശ്രീകൃഷ്ണമാർഗം. ആ മഹത്വം അതിന്റേതായ സമാധാനത്തോടുകൂടി ഇരുന്നെടുക്കാൻ അവസരം കൊടുക്കാത്ത സമകാലീനരാണ് അന്നു ജീവിച്ചിരുന്നത്. എന്നും മനുഷ്യർ ഇങ്ങനെ തന്നെയാണ്. ഇതു നമ്മൾ പഠിച്ചിട്ട്, നമ്മളും നമ്മുടെ പൂർവികരുമായി പൂജിച്ചു പോയ, ആരാധിച്ചുപോയ, സകല ജീവാത്മാക്കൾക്കും മോചനം കൊടുക്കാനുംമോക്ഷം കൊടുക്കാനും മുക്തിക്ക് വകയൊരുക്കിക്കൊടുക്കാനും പ്രാപ്തമായ ഒരു ഗുരുപരമ്പരയാണ് ഇത് എന്നു മനസ്സിലാക്കി, കഷ്ടപ്പെട്ട്, വിനയപ്പെട്ട്, സത്യം പ്രാപിച്ച്, അതിന്റെ വെളിച്ചത്തിൽ രണ്ടു മൂന്നുപേരെങ്കിലും ഓരോ രാജ്യത്തും അറിഞ്ഞെടുക്കാനുള്ള കടപ്പാട് നിങ്ങൾക്ക് ഓരോരുത്തർക്കുമുണ്ട്. ഇതാണു ദൈവനിശ്ചയം എന്നു കണ്ടാൽ മറ്റൊന്നിനുവേണ്ടിയും ചിന്തിച്ച് പഴയത് ആവർത്തിച്ച് നശിക്കുന്ന ബുദ്ധിയിലേക്ക് പോകാൻ ഇടതരാതിരിക്കട്ടെ എന്ന പ്രാർത്ഥന എപ്പോഴും സൂക്ഷിച്ചാൽ മാത്രം മതി.

## വചനദീപ്തി

**വേദാന്തം പ്രചരിപ്പിക്കുകയല്ല,**

**ജീവിച്ചുകാണിക്കുകയാണ് വേണ്ടത്.**

സ്വാമി രാമതീർത്ഥ

## സ്പിരിച്വൽ സോൺ ഡ്യൂട്ടി ലിസ്റ്റ്

*2017 മെയ് 21 മുതൽ 27 വരെ*

| | |
|---|---|
| ഞായർ | – സ്നേഹപുരം |
| തിങ്കൾ | – കാഞ്ഞാംപാറ |
| ചൊവ്വ | – പോത്തൻകോട് |
| ബുധൻ | – പാലോട്ടുകോണം |
| വ്യാഴം | – ജ്യോതിപുരം, ശാന്തിപുരം |
| വെള്ളി | – കരുണപുരം, ശാന്തിഗിരി ജംഗ്ഷൻ |
| ശനി | – ലക്ഷ്മിപുരം, ആനന്ദപുരം |

## യാമപ്രാർത്ഥന

*2017 മെയ് 25 വ്യാഴം*

**സ്നേഹപുരം, കാഞ്ഞാംപാറ, ജ്യോതിപുരം**

**പ്രകാശപഥം**

# ഈശ്വരസാക്ഷാത്കാരത്തിന്റെ ഭാഗത്തു വരുന്ന സുഖം

ഇപ്പോൾ കോട്ടയത്തെ ഒരാശ്രമത്തിന്റെ കാര്യത്തിന്റെ ഭാഗം നമ്മൾ ഓർമിക്കണം. ഈ അടുത്തതായിട്ട് നടന്ന ബത്തേരി ആശ്രമത്തിന്റെ കാര്യം അല്ലെങ്കിൽ നമ്മുടെ ഇവിടുത്തെ പ്രാർത്ഥനാലയത്തിന്റെ ഭാഗമെന്ന് വിചാരിച്ചോ, എന്തായാലും ജീവനെ പണയം വെക്കുന്ന ഒരു ഭാഗമാണെന്ന് നമുക്കറിയാം. കാരണം രണ്ടു മൂന്നു പ്രാവശ്യം കോട്ടയത്ത് ഗുരു പോകാനായി ഞാൻ നോക്കുമ്പോൾ പോയാൽ അപകടമാണ്. കാരണം ഗുരുവിനെ പിന്നെ നമുക്ക് ബാഹ്യമായിട്ട് തിരിച്ചുകിട്ടാൻ പ്രയാസമാണെന്ന് വലിയ വലിയ ശബ്ദത്തോടുകൂടി അന്തരീക്ഷത്തിൽ നിന്നും അല്ലെങ്കിൽ പ്രകാശത്തിൽ നിന്നും ബ്രഹ്മശക്തിയിൽ നിന്നും പല സ്വഭാവത്തിൽ അറിയിപ്പ് കിട്ടുകയും ആ അറിയിപ്പ് ഗുരുവിനോട് പറയുകയും ഗുരു പോകണ്ടാന്ന് തീരുമാനിക്കുകയും ചെയ്തിരുന്നു. അങ്ങനെ പല പ്രാവശ്യം ഒൻപത്, പത്ത് അല്ലെങ്കിൽ അതിൽ കൂടുതൽ പ്രാവശ്യം മാറ്റിവച്ചു. എറണാകുളം ആശ്രമത്തിൽ ഗുരു കഴിയുന്ന സമയം. അന്ന് ഗോപാലകൃഷ്ണൻ അണ്ണന്റെ വീട്ടിലും ഇടയ്ക്ക് ഗുരു കഴിയുന്ന സന്ദർഭങ്ങളാണ്.

പിന്നെയൊരു ദിവസം യാദൃച്ഛികമായിട്ട് കോട്ടയത്ത് പോവാം എന്ന് കാലത്ത് അഞ്ച് മണിക്കു തീരുമാനിക്കുകയാണ്. തീരുമാനിച്ച് നമ്മൾ അവിടെ ചെന്ന് രണ്ടോ മൂന്നോ മണിക്കൂർ ചെലവഴിച്ചിട്ട് പെട്ടെന്ന് അവിടെ നില്ക്കാതെ– അവിടന്ന് പ്രസിഡന്റ് മാമനും ഒക്കെയുണ്ടായിരുന്നു കൂടെ– തിരിച്ച് വണ്ടിയിൽ കയറിയപ്പോൾ ഗുരു എന്നോട് ചോദിച്ച ചോദ്യമാണ്: 'അവിടെ എന്തെങ്കിലും ചെയ്തോ' എന്ന്. ഞാൻ ഇല്ല എന്നു മറുപടിയും പറഞ്ഞു. കാരണം എന്താണ്? ഞാൻ പറയാതെ തന്നെ നാം ഓരോരുത്തരും ആ സങ്കല്പത്തിന്റെ വലുപ്പത്തെപ്പറ്റി മനസിലാക്കണം. ഈ സ്ഥൂലസൂക്ഷ്മങ്ങളിൽ നില്ക്കുന്ന രാജ ജിന്നുക്കൾ പോലെയും അതിനു മുകളിലും കഠോരന്മാരായി നില്ക്കുന്ന വലിയ താപസശക്തികളുണ്ട്. അത് എങ്ങനെ മാനുഷികമായിട്ട് നമ്മളെ ഉപദ്രവിക്കും എന്ന് നമുക്ക് അറിയാൻ പാടില്ലാത്തതും അറിയാവുന്നതും ഉണ്ട്. പക്ഷെ ഗുരുവിന്റെ പ്രകാശത്തിൽ അവർക്ക് കൊടുക്കാൻ കഴിയാത്തത് ഒന്നുമില്ല എന്ന് എനിക്കറിയാം. പക്ഷെ ബാഹ്യമായിട്ട് ഗുരുവിന്റെ ശരീരം അതിന് പറ്റത്തില്ല എന്നും എനിക്കറിയാം. അതാണ് ആ ചോദ്യത്തിന്റെ വലുപ്പം.

തിരിച്ചു നമ്മൾ എറണാകുളം ആശ്രമത്തിൽ വന്നിട്ട് ധൃതിയിൽ ഗുരു കാലു കഴുകി അകത്തു കയറിയിട്ട് ഇരിക്കാൻ പറഞ്ഞു. എന്നിട്ട് ഗുരു വീണ്ടും ആശ്ചര്യത്തോടെ പറയുകയാണ്, ' അത് നന്നായിപ്പോയി', അവിടെയിരിക്ക്. ഇരിക്കാൻ പറയുന്ന കാര്യം എന്താണെന്ന് അനുഭവത്തിൽ കൂടി അറിയേണ്ട ഒരു കാര്യമാണ്. ഒരു ഗുരുവും ശിഷ്യനുമായിട്ടുള്ള കടപ്പാടിന്റെ ആത്യന്തികമായിട്ടുള്ള ഒരു ഭാഗമാണത്. മറ്റൊരു മനുഷ്യർക്കും അല്ലെങ്കിൽ വാക്കുകൾ കൊണ്ടോ മറ്റേതെങ്കിലും പ്രവൃത്തികൾ കൊണ്ടോ അതിന്റെ അളവിനെ അളക്കാൻ കഴിയാത്ത ഒരു ചോദ്യവും സന്ദർഭവുമായിരുന്നു അത്.

അതിനുശേഷം നമ്മളവിടെ ഒരു പ്രതിഷ്ഠ വയ്ക്കാനായിട്ട് പോകാൻ വേണ്ടി ഇവിടെ നമ്മൾ അനുഭവിച്ചുകൂട്ടിയ വേദനകളും ദുരന്തങ്ങളും മനുഷ്യനെ മനുഷ്യനല്ലാതാക്കുന്ന രീതിയിലുള്ള വേദനാജനകമായ കാര്യങ്ങളും അതിൽക്കൂടി ഉണ്ടാകാവുന്ന സുകൃതത്തിന്റെ മറ്റൊരു വശവും നാം ഓർമിക്കണം. കാരണം ഓരോ ജീവനും ആ ജീവന്റെ ലക്ഷ്യപ്രാപ്തിയിലേക്ക് വരുന്ന സമയം നാം അനുഭവിക്കുന്ന വേദനയും ആ വേദനയിൽ നിന്നുണ്ടാവുന്ന സുഖവും നൊമ്പരവുമാണ്. അതൊരു ഈശ്വരസാക്ഷാത്കാരത്തിന്റെ വേറൊരു ഭാഗത്തുവരുന്ന സുഖമാണ്.

(**ദൈവസ്നേഹം പങ്കുവയ്ക്കുന്ന നിമിഷാർദ്ധങ്ങൾ** –അഭിവന്ദ്യ ശിഷ്യപൂജിതയുടെ പ്രഭാഷണത്തിൽ നിന്ന്)

# വിമോചനത്തിന്റെയും ശാന്തിയുടെയും വഴി

**ഡോ. ജോർജ് ഓണക്കൂർ**

സ്വാമി വിവേകാനന്ദൻ ചെറുപ്പത്തിൽ നരേന്ദ്രൻ എന്ന 13 വയസുള്ള ബാലൻ ആയിരുന്നപ്പോൾ നരേന്ദ്രനോട് അദ്ധ്യാപകൻ ചോദിച്ച ചോദ്യം ഇന്ന് സോഷ്യൽ മീഡിയയിൽ ഒക്കെ ചർച്ചാ വിഷയമാണ്. ആ ചോദ്യം 'ഈ ഭൂമിയിൽ നന്മ സൃഷ്ടിച്ചത് ആരാണ്' എന്നതായിരുന്നു. സ്വാഭാവികമായി നമ്മളെല്ലാം പറയുന്നത് നന്മ ഈശ്വരന്റെ സൃഷ്ടിയാണ്. കുട്ടി നരേന്ദ്രൻ ആ ഉത്തരം നൽകി. അപ്പോൾ പ്രൊഫസർ ചോദിച്ചു, അങ്ങനെയെങ്കിൽ തിന്മ ആരുടെ സൃഷ്ടിയാണ്? കുട്ടി അൽപം ആലോചിച്ചുനിന്നു എന്നിട്ട് ഉത്തരം പറയാതെ തിരിച്ച് ഒരു ചോദ്യം അദ്ധ്യാപകനോട് ചോദിക്കുകയായിരുന്നു. ഭൂമിയിൽ പ്രകാശം സൃഷ്ടിച്ചത് ആരാണ്? സ്വാഭാവികമായി ഈശ്വരനാണ് പ്രകാശം സൃഷ്ടിച്ചതെന്ന് പ്രൊഫസർ മറുപടി പറഞ്ഞപ്പോൾ എങ്കിൽ ഭൂമിയിൽ ഇരുട്ട് സൃഷ്ടിച്ചത് ആരാണെന്ന് നരേന്ദ്രൻ വീണ്ടും ചോദിച്ചു. അതിബുദ്ധിമാനായ ശിഷ്യന്റെ ചോദ്യത്തിനു മുന്നിൽ അദ്ധ്യാപകൻ പതറിനിന്നു. നരേന്ദ്രൻ തന്നെ അതിനു മറുപടിയും പറഞ്ഞു ഭൂമിയിൽ അന്ധകാരമില്ല, ഭൂമിയിൽ തിന്മയുമില്ല. ഭൂമിയിൽ നന്മ മാത്രമാണുള്ളത്. ഈശ്വരൻ ഭൂമിയെ പ്രകാശിപ്പിക്കുക മാത്രമാണ് ചെയ്യുന്നത്. ഇരുട്ടിൽ ആഴ്ത്തുകയല്ല.

ഭൂമിയിൽ തിന്മ ഉണ്ട് എന്ന് നമുക്ക് പലപ്പോഴും തോന്നുന്നത് നന്മയുടെ അഭാവം കൊണ്ടാണ്. ഭൂമിയിൽ ഇരുട്ട് അല്ലെങ്കിൽ അന്ധകാരം ഉണ്ട് എന്ന തോന്നലുകൾ ഉണ്ടാകുന്നത് പ്രകാശത്തിന്റെ അഭാവം കൊണ്ടാണ്. ഈ അഭാവമൊന്നും ഈശ്വരസൃഷ്ടിയല്ല ഭാവം മാത്രമാണ്. ഈശ്വരന്റെ സൃഷ്ടിയായി ഭൂമിയിൽ ജീവിക്കുന്ന മനുഷ്യന് അവന്റെ കുറ്റകരമായ ആത്മനിഷേധംകൊണ്ട് പൂർണ്ണമായി നന്മ ഉൾക്കൊള്ളാൻ സാധിക്കുന്നില്ല. അങ്ങനെ വരുമ്പോൾ ഭൂമിയിൽ നന്മയുടെ അഭാവത്തിൽ തിന്മ ഉണ്ടെന്ന് നമുക്ക് തോന്നിപ്പോകുന്നു. പ്രകാശം മറച്ചു കഴിയുമ്പോൾ അന്ധകാരം ഉണ്ടാകുന്നതുപോലെ. വാസ്തവത്തിൽ ഭൂമിയിൽ ഒരിക്കലും നന്മ നശിക്കാതിരിക്കാൻ ഒരിക്കലും പ്രകാശം നശിക്കാതിരിക്കാൻ ഈശ്വരൻ സ്വചൈതന്യമുള്ള ഗുരുക്കൻമാരെ നമുക്ക് സംഭാവന ചെയ്യുന്നു. നന്മയെ ഉദ്ധരിക്കാൻ വേണ്ടി ഈശ്വരൻ നമുക്ക് തരുന്ന മഹാഗുരുക്കൻമാരിലൂടെയാണ് ഈ ഭൂമി ധന്യമാകുന്നത്, മനുഷ്യജീവിതം ധന്യമാകുന്നത്. ഗുരു നമ്മുടെ ഹൃദയത്തെ പ്രകാശപൂർണമാക്കുന്നു.

ശാന്തിഗിരി ഗുരു തന്നെയാണെന്ന് നമ്മൾ തിരിച്ചറിയുന്നു. ഇവിടെ വരുമ്പോൾ ലഭിക്കുന്ന 'ഗുരുപ്രസാദം' ശാന്തിയുടെ മഹാ അനുഭവമാണ്, ഈശ്വരസാക്ഷാത്കാരമാണ് ലഭിക്കുന്നത്. ഗുരുവിന്റെ ഏറ്റവും വലിയ ധന്യതയും നമ്മളോരോരുത്തരിൽ നിന്നും പ്രതീക്ഷിക്കുന്നതും കരുണയാണ്. ആ കണ്ണുകളിൽ തിളങ്ങേണ്ടത് കരുണയാണ്. സഹജീവികളോടുള്ള സ്നേഹത്തിൽ നിന്നുദിക്കുന്ന കാരുണ്യത്തിന്റെ തെളിമയാണ് നമ്മുടെ കണ്ണുകളിൽ നിന്ന് അനുഭവപ്പെടേണ്ടത്.

# സുകുമാർ അഴീക്കോട് മലയാളത്തിൽ പ്രസംഗകലയുടെ അവസാനവാക്ക്: സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി

**തിരുവനന്തപുരം:** മലയാളത്തിൽ പ്രസംഗകലയുടെ അവസാനവാക്ക് ആയിരുന്നു ഡോ. സുകുമാർ അഴീക്കോട് എന്ന് ശാന്തിഗിരി ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി അനുസ്മരിച്ചു. തിരുവനന്തപുരത്ത് അഴീക്കോട് സ്മാരക പ്രഭാഷണം നടത്തുകയായിരുന്നു സ്വാമി. കാരിരുമ്പുപോലെ കാഠിന്യമുള്ള വിമർശനങ്ങളായിരുന്നു അദ്ദേഹത്തിന്റേത്. വാക്കുകളെ അദ്ദേഹം തീക്കൊള്ളിയായി. സംഭാഷണങ്ങളിൽ കല്ലും കൽക്കണ്ടവും ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ വാക്കുകൾ പലരുടെയും ഉറക്കം കെടുത്തുകയും പലരെയും ഉണർത്തുകയും ചെയ്തു. സാഹിത്യരംഗത്ത് വിശേഷണങ്ങൾക്ക് അതീതനായ ധിഷണാശാലിയായിരുന്നു അഴീക്കോട് എന്നും സ്വാമി കൂട്ടിച്ചേർത്തു. ഭരണപരിഷ്കാര കമ്മിഷൻ ചെയർമാൻ വി.എസ്. അച്യുതാനന്ദൻ സമ്മേളനം ഉദ്ഘാടനം ചെയ്തു. ശിവൻ മഠത്തിൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ കാനം രാജേന്ദ്രൻ, വി.എസ്. ശിവകുമാർ എം.എൽ എ., ബിച്ചു തിരുമല തുടങ്ങിയവർ പങ്കെടുത്തു.



ആശ്രമം സന്ദർശിച്ച ഗാന്ധിഭവൻ വിദ്യാർത്ഥികൾ

# ഗാന്ധിഭവനിൽ നിന്നും കുട്ടികൾ ആശ്രമം സന്ദർശിക്കാനെത്തി

**തിരുവനന്തപുരം:** തൈക്കാട് ഗാന്ധി ഭവനിൽ നിന്നും അദ്ധ്യാപകരുടെ നേതൃത്വത്തിൽ നൂറോളം വിദ്യാർത്ഥികൾ മെയ് 16 ന് ശാന്തിഗിരി ആശ്രമം സന്ദർശിച്ചു. ഗാന്ധി ഭവനിലെ അവധിക്കാല ക്യാമ്പിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികളാണ് ആശ്രമം സന്ദർശിച്ചത്. ചൊവ്വാഴ്ച രാവിലെ 10.30 മണിയോടെ എത്തിയ സംഘം ആദ്യം സ്പിരിചൽ സോൺ സന്ദർശിച്ചു പ്രാർത്ഥന നടത്തി. പിന്നീട് സ്പിരിചൽ സോൺ കോൺഫ്രൻസ് ഹാളിൽ ശാന്തിഗിരി ഗുരുകാന്തി സംഘടിപ്പിച്ച സന്മാർഗ-വ്യക്തിത്വ വികസന ക്ലാസിലും പങ്കെടുത്തു. ഡോ. കെ. ആർ.എസ്. നായർ ആണ് ക്ലാസ് നയിച്ചത്. ഉച്ചയ്ക്ക് ദർശന മന്ദിരത്തിൽ എത്തി ഗുരുദർശനം നടത്തിയശേഷം ഉച്ചഭക്ഷണത്തിനും ശാന്തിഗിരി ഹാന്റ്ലൂം ആന്റ് വീവിംഗ് ഇൻഡസ്ട്രിയിലെ സന്ദർശനത്തിനും ശേഷം തിരിച്ച് സ്പിരിചൽ സോൺ കോൺഫ്രൻസ് ഹാളിൽ വന്ന് വിവിധ കലാപരിപാടികൾ അവതരിപ്പിക്കുകയും ചെയ്തു. ശാന്തിഗിരി ഗുരുകാന്തിയിലെ കുട്ടികളും കലാപരിപാടികൾ അവതരിപ്പിക്കുകയുണ്ടായി. വൈകുന്നേരം നാലു മണിയോടെ സംഘം തിരികെ മടങ്ങി.

# ദിവംഗതയായി



*ജെ. ഗംഗക്കുട്ടിയമ്മ*

**തിരുവനന്തപുരം:** ഊളമ്പാറ മേലേത്തുണ്ട് വിളാകത്തിൽ ദിവംഗതനായ എൻ നരേന്ദ്രൻ നായരുടെ ഭാര്യ ജെ. ഗംഗക്കുട്ടിയമ്മ (88) മെയ് 10 ന് ദിവംഗതയായി. ആശ്രമം ജനറൽ അഡ്മിനിസ്ട്രേഷൻ ഡിപ്പാർട്ട്മെന്റിൽ സേവനം ചെയ്യുന്ന എൻ.ജി. ഉണ്ണിക്കൃഷ്ണന്റെ അമ്മയാണ്. മറ്റുമക്കൾ: എൻ.ജി. വിജയലക്ഷ്മി, എൻ.ജി. പ്രദീപ് കുമാർ, എൻ.ജി. ഗോപകുമാർ, ദിവംഗതനായ എൻ.ജി. ഹരികുമാർ.

## പുതിയ ഫോൺ നമ്പർ

സ്പിരിചൽ സോണിൽ പ്രവർത്തിക്കുന്ന ശാന്തിഗിരി ഫ്ളവർ സ്റ്റാളിന്റെ പുതിയ ഫോൺ നമ്പർ: 8113029334. ഗുരുവിന് സമർപ്പിക്കുന്നതിനുള്ള ഹാരം, പുഷ്പം എന്നിവയ്ക്ക് ഓർഡർ ചെയ്യുന്നതിന് ഇനി മുതൽ പുതിയ ഫോൺ നമ്പരിലാണ് വിളിക്കേണ്ടത്.

## അഡ്മിഷൻ ആരംഭിച്ചു

ശാന്തിഗിരി വിദ്യാഭവൻ ഹയർ സെക്കന്ററി സ്കൂളിലേക്ക് അടുത്ത അദ്ധ്യയന വർഷത്തിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചു.
ഫോൺ: 8113925007,8111882399

# വിവാഹിതരായി



മുംബൈ വെസ്റ്റ് മലാഡ് വിശാൽ നഗർ 'നകുലി'ൽ രാജു കാവിലേരിയുടെ മകൻ മനീഷ് രാജുവും കരുനാഗപ്പള്ളി ആലുംകടവ് മരുതൂർകുളങ്ങര ഗുരുപുഷ്പം വീട്ടിൽ സുബ്രമണ്യന്റെ മകൾ ഹരിപ്രിയയും മെയ് 14 ന് ശാന്തിഗിരി ആശ്രമത്തിൽ വച്ച് വിവാഹിതരായി.



രത്നഗിരി യൂണിറ്റ് ഗോവിന്ദദീപത്തിൽ എസ്. ശ്യാംകുമാറിന്റെ മകൻ രത്നാകരനും തിരുവനന്തപുരം സ്റ്റാച്യൂ ചിറക്കുളം റോഡ് സന്ദീപം വീട്ടിൽ ടി. സുശീലന്റെ മകൾ ശില്പയും മെയ് 14 ന് ശാന്തിഗിരി ആശ്രമത്തിൽ വച്ച് വിവാഹിതരായി.



Gurucharanam Saranam

Santhigiri

# SANTHIGIRI VIDHYABHAVAN HIGHER SECONDARY SCHOOL

## CONGRATULATIONS STUDENTS

### FOR ACHIEVING ACADEMIC EXCELLENCE IN CLASS XII

SCHOOL TOPPERS

BIOLOGY SCIENCE (96%)



KARUNA PRIYA M



NIKILA MANOJ

STUDENTS SCORED MORE THAN 1000 MARKS

BIOLOGY SCIENCE



AMALA S. NAIR



KARUNA S.S



GURUPRIYA P.V



MEHAR S KHAN



N.S NASSMI



NANDANA B.



RITHULA RAJEEV



SHAMZY B.S



JANASEVAKAN K.S



SANGAMITHRAN K.S



BEEGAM THANZY



AMRITHA JYOTHI .M

HUMANITIES



ANANDU S



MALAVIKA S



ARAFATH MUHAMMED



GURUPRIYAN G



SREENU M.L

COMMERCE



MUHAMMED SHIBILI

## ADMISSION STARTED FOR XI

Santhigiri P.O, Pothencode, Thiruvananthapuram - 695589

8113925007, 8111882399 santhigirividyabhavanhss@gmail.com



Printed and published by Swami Chaithanya Jnana Thapaswi, Chief Editor, on behalf of Santhigiri Ashram, Thiruvananthapuram-695589. For private circulation only.
**Editorial Head:** Janani Divya Jnana Thapaswini **Editor:** T. Sasimohan **Senior Co-ordinating Editor:** Anil Cherthala